# കേരള സർവകലാശാല

നം. പി.ആർ.140/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം : സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല അഫിലിയേറ്റ് ചെയ്തിട്ടുളള ഗവ./ എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലും, സെന്ററുകളിലും ഒന്നാം വർഷ ബിരുദ (2016-17) പ്രവേശനവുമായി ബന്ധപ്പെട്ട് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

ആഗസ്റ്റ് എട്ടിന് എസ്.സി/എസ്.ടി വിഭാഗത്തിനും ആഗസ്റ്റ് 11-ന് ജനറൽ/ (മെരിറ്റ്/ മറ്റ്) സംവരണ വിഭാഗങ്ങൾക്കുമാണ് സ്പോട്ട് അഡ്മിഷൻ. ആഗസ്റ്റ് നാലിന് സർവകലാശാല അഡ്മിഷൻ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

സർവകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളിൽ വച്ചായിരിക്കും സ്പോട്ട് അഡ്മിഷൻ നടത്തുക. വിദ്യാർത്ഥികൾക്ക് അതത് കോളേജുകളിൽ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. ഒന്നിൽ കൂടുതൽ കോളേജുകളിൽ പങ്കെടുക്കാൻ താൽപര്യമുണ്ടെങ്കിൽ രക്ഷകർത്താവ് (പ്രതിനിധിയെ) ചുമതലപ്പെടുത്താം. പ്രതിനിധിയായി പങ്കെടുക്കുന്നവർ ഏറ്റവും പുതിയ ഓൺലൈൻ അപേക്ഷയുടെ (പ്രിന്റൗട്ട്) ഒരു പകർപ്പ് കരുതണം.

നിശ്ചിത ദിവസങ്ങളിൽ ഉച്ചയ്ക്ക് 12 മണിവരെ കോളേജുകളിൽ ഹാജരാകുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി വൈകുന്നേരം നാല് മണിക്ക് മുമ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തും. രേഖകൾ സമർപ്പിക്കാൻ ഒരു ദിവസത്തെ സമയം അനുവദിക്കുന്നതാണ്.

സംവരണ സീറ്റുകളിൽ പ്രവേശനം പ്രതീക്ഷിക്കുന്നവർ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ജാതി/വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. വികലാംഗ ക്വോട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ കൃത്യമായ സർട്ടിഫിക്കറ്റുകൾ കോളേജുകളിൽ ഹാജരാക്കണം. ഒരു ദിവസത്തിൽ കൂടുതൽ സമയം സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ അനുവദിക്കുന്നതല്ല.

ഒഴിവുവന്ന സീറ്റുകളുടെ വിവരം ഇപ്പോൾ തന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റും ഒഴിവു വന്ന സീറ്റുകളും പരിശോധിച്ച് താൽപര്യവും സാധ്യതയുമുള്ള കോളേജുകളിൽ പ്രവേശന നടപടികളിൽ പങ്കെടുക്കാം.

### ബി.എസ്സി പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ആഗസ്റ്റ് അഞ്ചിന് തുടങ്ങുന്ന കരിയർ റിലേറ്റഡ് ഒന്നാം സെമസ്റ്റർ ബി.എസ്സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (2013 അഡ്മിഷന് മുമ്പുള്ളവർക്കുള്ള) പരീക്ഷയ്ക്ക് ചാത്തന്നൂർ എസ്.എൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി കൊല്ലം യു.ഐ.ടിയിൽ പരീക്ഷയെഴുതണം.

## പി.ജി.ഡി.കെ.എം ടൈംടേബിൾ

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പ് ആഗസ്റ്റ് 22-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി.ഡി.സി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ) രണ്ടാം വർഷ (മൂന്നാം സെമസ്റ്റർ - റഗുലർ & സപ്ലിമെന്ററി) പരീക്ഷ ആഗസ്റ്റ് 22 മുതൽ 31 വരെയും ഒന്നാം വർഷ (ഒന്ന്, രണ്ട് സെമസ്റ്റർ - റഗുലർ & സപ്ലിമെന്ററി) പരീക്ഷ സെപ്റ്റംബർ രണ്ട് മുതൽ 26 വരെയും പാളയം എസ്.ഡി.ഇ, കൊല്ലം യു.ഐ.ടി എന്നിവിടങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## റിസർച്ച് ഗ്രാന്റ് 2016-17 : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല അംഗീകൃത ഗവേഷണ കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും റിസർച്ച് ഗ്രാന്റ് 2016-17 അവാർഡിന് അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 31. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ റിസർച്ച് പോർട്ടലിൽ (www.research.keralauniversity.ac.in) Downloads എന്ന ലിങ്കിൽ ലഭിക്കും.

## പ്രതിഫലം കൈപ്പറ്റണം

കേരള സർവകലാശാല ഫെബ്രുവരിയിൽ കൊല്ലം കെ.യു.സി.ടി.ഇ-യിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.എഡ് മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുത്ത അദ്ധ്യാപകർ ആഗസ്റ്റ് അഞ്ച്, ആറ് തീയതികളിൽ കൊല്ലംകെ.യു.സി.ടി.ഇ-യിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് മൂല്യനിർണ്ണയ ക്യാമ്പിൽ നിന്നും പ്രതിഫലം കൈപ്പറ്റണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
01.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**